പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 716 | 11.06.2014-ലെ മറുപടിക്ക്

**കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ പുതിയ ഓപ്പറേഷൻ തീയറ്ററിന്റെ പ്രവർത്തനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. പി. ആയിഷാ പോറ്റി | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ പുതിയ ഓപ്പറേഷൻ തീയറ്ററിന്റെ പ്രവർത്തനം ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം എന്താണ്; | എ) | കൊട്ടാരക്കര താലൂക്കാശുപത്രിയിലെ പുതിയ ഓപ്പറേഷൻ തിയേറ്റർ 01/05/2014 മുതൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. |
| ബി) | പുതിയതായി സ്ഥാപിച്ച എക്സ്-റേ ലാബിന്റെ പ്രവർത്തനം നിലയ്ക്കാനിടയായ സാഹചര്യം എന്താണ്; | ബി) | ഈ സ്ഥാപനത്തിലെ റേഡിയോഗ്രാഫർ, എക്സ്റേ അറ്റൻഡർ എന്നീ ജീവനക്കാർ 07/04/2014 മുതൽ 30 ദിവസത്തേക്ക് ഈ വിഭാഗം ജീവനക്കാർക്ക് അർഹതയുള്ള സ്പെഷ്യൽ കാഷ്വൽ ലീവിൽ പ്രവേശിച്ചിരുന്ന കാലയളവിലാണ് എക്സ്-റേ വിഭാഗത്തിന്റെ പ്രവർത്തനം നിലക്കാനിടയായത്. ഇപ്പോൾ എക്സ്-റേ ലാബിന്റെ പ്രവർത്തനം സാധാരണഗതിയിലാണ്. ഈ രീതിയിലുള്ള പരാതികൾ ഒഴിവാക്കി എക്സ്-റേ യൂണിറ്റിന്റെ പ്രവർത്തനം നിലനിർത്തിക്കാൻ ശ്രദ്ധിക്കാമെന്ന് ആശുപത്രി അധികൃതർ അറിയിച്ചിട്ടുണ്ട്. |
| സി) | കെട്ടിട നിർമ്മാണം പൂർത്തിയായ ട്രോമാ കെയർ യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്? | സി) | 04/06/2014-ന് ട്രോമാ കെയർ കെട്ടിടം ആശുപത്രി സൂപ്രണ്ടിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിലെ ബാത്ത് റൂം സൗകര്യങ്ങൾ എൻ. ആർ. എച്ച്. എം. പണിത് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ടി നിർമ്മാണം പൂർത്തിയാകുന്നതിനനുസരിച്ച് യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ എത്തിക്കാമെന്ന് കെ. എസ്. റ്റി. പി. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ